സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണറുടെ കാര്യാലയം
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്, തിരുവനന്തപുരം

ഇ-മെയിൽ: cstintadm.sgst@kerala.gov.in ഫോൺ: 0471-2785300

---

## പത്രക്കുറിപ്പ്

### ആക്രി കച്ചവടത്തിന്റെ മറവിൽ 1170 കോടി രൂപയുടെ വ്യാജ ബില്ലിങ്ങിലൂടെയുള്ള നികുതി വെട്ടിപ്പ്

സംസ്ഥാന വ്യാപകമായി ജി.എസ്.ടി വകുപ്പിന്റെ "Operation Palm Tree" എന്ന പേരിൽ നടത്തിയ പരിശോധനകളിൽ കോടികളുടെ നികുതിവെട്ടിപ്പ് കണ്ടെത്തി. സംസ്ഥാന GST Intelligence / Enforcement വിഭാഗങ്ങൾ നടത്തിയ സംയുക്ത ഓപ്പറേഷൻ ഇന്ന് (23.05.2024) പുലർച്ചെ മുതൽ ആരംഭിച്ചു. നികുതിവെട്ടിപ്പ് നടത്തിയവരുടെ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും പരിശോധന തുടരുന്നു. സംസ്ഥാന വ്യാപകമായി വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന പരിശോധന കേരളത്തിൽ ഈ മേഖലയിൽ നടത്തിയ ഏറ്റവും വലിയ ഓപ്പറേഷൻ ആണ്. തൊഴിൽ നൽകാമെന്നു പറഞ്ഞ് അന്യസംസ്ഥാന തൊഴിലാളികളിൽ നിന്നും, മറ്റു വ്യക്തികളിൽ നിന്നും ശേഖരിക്കുന്ന ഐ.ഡി കാർഡുകൾ ഉപയോഗിച്ച് അവരുടെ പേരുകളിൽ വ്യാജ രജിസ്ട്രേഷൻ എടുത്താണ് നികുതി വെട്ടിപ്പ് നടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നത്.

പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി 148 വ്യക്തികളുടെ പേരിൽ എടുത്ത GST രജിസ്ട്രേഷനുകൾ 1170 കോടി രൂപയുടെ വ്യാജ ഇടപാട് നടത്തിയതിൽ 209 കോടി രൂപയുടെ നികുതി നഷ്ടം വരുത്തിയതായാണ് കണ്ടെത്താനായത്.

മുൻപ് വ്യാജ ബില്ലിങ്ങിനെതിരെ നടപടി എടുക്കാൻ രാജ്യവ്യാപകമായി പ്രത്യേക ഡ്രൈവ് നടത്തിയിരുന്നു. കേരളത്തിലും ഇത്തരം നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഇത്തരം നികുതി വെട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെയുള്ള അന്വേഷണവും നടപടികളും ശക്തമായി തുടരും.

Sd/-
കമ്മീഷണർ
സ്റ്റേറ്റ് ജി.എസ്.ടി ഡിപ്പാർട്ടുമെന്റ്

23.05.2024

OFFICE OF THE COMMISSIONER STATE G.S.T KERALA * THIRUVANANTHAPURAM *